
ഏപ്രിൽ | മെയ് | ജൂൺ 2025

# VINFORMATION
# വിൻഫൊർമേഷൻ




ആത്മാധിനാഥന്റെ കുരിശുമായി
ആശീർവദിക്കുന്നു ഫ്രാൻസിസ് പാപ്പാ
അഭയാർത്ഥികൾക്കും കുടിയേറ്റക്കാർക്കും
അഭയസങ്കേതമാം ഫ്രാൻസിസ് പാപ്പാ

SSVP
serviens in spe
VERAPOLY CENTRAL COUNCIL

വരാപ്പുഴ അതിരൂപതാ വിൻസെൻഷ്യൻ വാർത്താപത്രിക




പാപ്പായ്ക്ക് വരാപ്പുഴ സി.സി.യുടെ ആദരാഞ്ജലി



കേരള റീജിയണൽ കൗൺസിലിന്റെ (കെ.ആർ.സി.സി.) പുതിയ കോർഡിനേറ്ററായി (2025–27) നോമിനേറ്റ് ചെയ്യപ്പെട്ട **സി. ലെനി എബ്രഹാം.** തിരുവല്ല സെൻട്രൽ കൗൺസിലിന്റെ പ്രസിഡണ്ട് ആണ്.



കേരള റീജിയണൽ കൗൺസിലിന്റെ (കെ.ആർ.സി.സി.) യൂത്ത് ആനിമേറ്ററായി വരാപ്പുഴ സി.സി. യൂത്ത് പ്രതിനിധി **സി. ജിസ്ന ജോസഫ് തൈപ്പറമ്പിൽ** വീണ്ടും നിയമിതയായി.

**പത്രാധിപക്കുറിപ്പ്**

# ശാന്തിദൂതൻ പാപ്പായ്ക്കു വിട...

2025 ഏപ്രിൽ 21 തിങ്കളാഴ്ച ഈസ്റ്റർ പിറ്റേന്ന് രാവിലെ 11.05ന് യുഗപ്രഭാവാനായ കരുണയുടെ മഹാഇടയൻ പാപ്പാ ഫ്രാൻസിസ് ധന്യമായ കർമകാണ്ഡത്തിനൊടുവിൽ സ്വർഗപ്രാപ്തനായി.

ഒരു വ്യാഴവട്ടക്കാലം മുമ്പ്, കൃത്യമായി പറഞ്ഞാൽ 2013 മാർച്ച് 13-നാണ് അർജന്റീനയിലെ ബ്യൂനസ് ഐറിസ് ആർച്ച് ബിഷപ് കർദിനാൾ ജിയോർജിയോ മരിയോ ബർഗോളി ആഗോള കത്തോലിക്കാസഭയുടെ സുപ്രീം പോന്തിഫ് (പരമാചാര്യൻ) ആയി തിരഞ്ഞെടുക്കപ്പെട്ടത്. ദിവംഗതനാകുമ്പോൾ 'കനിവിന്റെ പാപ്പാ' എന്ന പേര് പാപ്പാ ഫ്രാൻസിസിന് കൊടിപ്പട്ടമായി മാറിക്കഴിഞ്ഞിരുന്നു. പാവങ്ങളോടുള്ള അനുകമ്പ, അഭയാർഥികളോടും കുടിയേറ്റക്കാരോടുമുള്ള കരുണാർദ്രസമീപനം, ജീവിതലാളിത്യം, ആർഭാട നിരാസം എന്നിവ അദ്ദേഹം ആത്മതാളമാക്കി. സമാധാനത്തിന്റെ പ്രഘോഷകനായ പാപ്പാ ഫ്രാൻസിസിന്റെ അവസാനത്തെ ഈസ്റ്റർ സന്ദേശം, ഗാസയിൽ യുദ്ധവിരാമത്തിനുള്ള ശാന്തിയാഹ്വാനമായിരുന്നു.

മരണാനന്തരച്ചടങ്ങുകളും കബറടക്കവും പ്രിയപ്പെട്ട മാതൃസന്നിധിയിൽ (മേരി മജോറി ബസിലിക്കയിൽ) അങ്ങേയറ്റം ലളിതരൂപത്തിൽ മതിയെന്ന് വിൽപത്രത്തിൽ നിർദേശിച്ചതുവഴി, നിരാർഭാടമായ തന്റെ ജീവിതത്തിൽ കുന്തുരുക്കഗന്ധമുള്ള വെള്ളപ്പുക പടർത്തുകയായിരുന്നു ഫ്രാൻസിസ് പാപ്പായെന്ന് സമകാലിക ലോകം നിരീക്ഷിക്കുന്നു.

സ്നേഹപൂർവം,

**ചീഫ് എഡിറ്റർ**

VINFORMATION
വിൻഫൊർമേഷൻ




ഹൈക്കോർട്ട് ജങ്ഷൻ
എറണാകുളം,
കൊച്ചി - 682 031
Email: vinformation2020@gmail.com
Website:www.ssvpverapoly.org

പുസ്തകം 19
ലക്കം 2
ഏപ്രിൽ – മെയ് – ജൂൺ

പത്രാധിപസമിതി

വെരി റവ. മോൺ. ക്ലീറ്റസ് പറമ്പലോത്ത്
( രക്ഷാധികാരി )

റോക്കി രാജൻ

റാഫേൽ കളത്തിവീട്ടിൽ

എൻ.ജെ. സേവ്യർ ജയിംസ്

ആന്റണി കുറ്റിശ്ശേരി

ജോസ് ഫ്രാൻസിസ് വടക്കുംതല

ജോയി കൈമാതുരുത്തി

മാത്തച്ചൻ അറയ്ക്കൽ

ടി.എം. ജോസഫ് തൈപ്പറമ്പിൽ

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
( ചീഫ് എഡിറ്റർ )

ലേ ഔട്ട്, കവർ ഡിസൈൻ
& പ്രിന്റിങ്
ബുക്ക് ക്രാഫ്റ്റ്
ചേരാനല്ലൂർ – 682 034

വാർഷിക സംഭാവന : 30 രൂപ

*(സ്വകാര്യ വിതരണത്തിനുമാത്രം)*



# വ്യത്യസ്തനായ പാപ്പാ ഫ്രാൻസിസ്

ഈശോസഭാംഗമായ പാപ്പാ ഫ്രാൻസിസ് ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം, സെന്റ് പീറ്റേഴ്സ് ബസലിക്കാചത്വരത്തിൽ ഇരമ്പിയാർത്തുനിന്ന പതിനായിരങ്ങളോടു പറഞ്ഞ ആദ്യവാക്യം നമുക്കോർക്കാം: 'പാപ്പായെന്ന നിലയിൽ ഞാൻ നിങ്ങളെ ആശീർവദിക്കുംമുമ്പ് നിങ്ങൾ എനിക്ക് പ്രാർഥനാശീർവാദങ്ങൾ നല്കിയാലും...' പുതിയ പാപ്പായുടെ വിനയശാലിതയുടെ വിളംബരമായിരുന്നു അത്. ലാളിത്യം മുഖമുദ്രയാക്കിയ ജീവിതമാണ്. പാപ്പാ ഫ്രാൻസിസിനെ വ്യതിരിക്തനാക്കുന്നത്.

'ദൈവത്തിന്റെ നിസ്വൻ' എന്ന ശ്രുതിപ്പെട്ട അസ്സീസിയിലെ വിശുദ്ധന്റെ പേരാണ് പാപ്പാ ഫ്രാൻസിസ് എന്ന പേരാണ് പുതിയ പാപ്പാ സ്വീകരിച്ച എന്നാണു സ്വീകരിച്ചത്. പാവങ്ങളോടും നിരാലംബരോടുമായിരുന്നു അദ്ദേഹത്തിനു പക്ഷം. അതദ്ദേഹം ആദ്യപെസഹാവ്യാഴാഴ്ചയിലെ കാലുകഴുകൽശുശ്രൂഷയിൽത്തന്നെ വെളിപ്പെടുത്തി. ജയിൽപ്പുള്ളികളും ഭിക്ഷാടകരുമായ പന്ത്രണ്ടുപേരുടെ പാദക്ഷാളനം നടത്തിയ പാപ്പാ, അതിൽ സ്ത്രീകളെയും ഉൾപ്പെടുത്തി പുതുചരിതമെഴുതി. വത്തിക്കാൻ കൊട്ടാരംവിട്ട് കാസാ സാന്താ മർത്താ എന്ന ലളിതമായ കെട്ടിടം താമസത്തിനുള്ള ഇടമാക്കി. നിന്നുകൊണ്ടുതന്നെ ദിവസം മുഴുവനും ഡ്യൂട്ടി ചെയ്തിരുന്ന സ്വിസ്ഗാർഡുമാർക്ക് ഇരിക്കാൻ കസേരയിട്ടുകൊടുത്ത 'മാതൃയജമാന'നാണ് പാപ്പാ ഫ്രാൻസിസ്!

തന്റെ നാമഹേതുക വിശുദ്ധനെപ്പോലെ പാപ്പാ ഫ്രാൻസിസ്, ദാരിദ്ര്യവും ലാളിത്യവും ജീവിതത്തിന്റെ അവിഭാജ്യഅംശങ്ങളാക്കി. വത്തിക്കാനിൽ ഊട്ടുമുറിയിൽ ഭിക്ഷാടകരെ പാപ്പാ ഫ്രാൻസിസ് പലകുറി അതിഥികളാക്കി. അഭയാർഥി പൈതൃകത്തിൽ നിന്നാണ് പാപ്പാ ഫ്രാൻസിസിന്റെ വരവ്. തന്മൂലം അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും ആത്മനൊമ്പരങ്ങളും ഹൃദയവികാരങ്ങളും പാപ്പായ്ക്ക് മനസ്സിലാകുമായിരുന്നു. അവരുടെ സുസ്ഥിരതയും ക്ഷേമാവസ്ഥയും അദ്ദേഹത്തിന്റെ മുന്തിയ പരിഗണനകളായിരുന്നു. സ്വവർഗരതിക്കാരോടും മറ്റുമുള്ള പാപ്പായുടെ നിലപാടും സമീപനവുമെന്ത് എന്ന മാധ്യമപ്രവർത്തകരുടെ ജാഗ്രദന്വേഷണത്തിന് അദ്ദേഹത്തിന്റെ പ്രത്യുത്തരം, ''അവരെ വിധിക്കാൻ ഞാനാര്?'' എന്ന മറുചോദ്യമായിരുന്നു. 'ഞാനും നിന്നെ വിധിക്കുന്നില്ല' എന്ന് പരസ്യപാപിനിയോടു കനിവോടെ പറഞ്ഞ ഗുരുവിന്റെ പ്രിയശിഷ്യനായിരുന്നു പാപ്പാ ഫ്രാൻസിസ്. അദ്ദേഹത്തിന് ആത്മശാന്തി പ്രാർഥന.

സ്നേഹപൂർവം,
**ക്ലീറ്റസച്ചൻ**



# പാവപ്പെട്ടവരുടെ പാപ്പാ ഫ്രാൻസിസ്

**റോക്കി രാജൻ**

സ്നേഹമുള്ളവരേ,

'ഇനിമേൽ ആരും അവനെത്തേടി കല്ലറയിലേക്ക് പോകേണ്ടാ; ജീവിക്കുന്നവരുടെ ഇടയിൽ അവൻ ജീവിച്ചിരിക്കുന്നു!'

ഈസ്റ്റർ ഞായറാഴ്ച, സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ വിശ്വാസികളെ അനുഗ്രഹിച്ചുകൊണ്ട് അവസാനമായി പൊതുജനമധ്യത്തിൽ പ്രത്യക്ഷപ്പെട്ടു പ്രാർഥിച്ച ഫ്രാൻസിസ് പാപ്പാ, പിറ്റേന്ന് 2025 ഏപ്രിൽ 21-ന്, 88-ാം വയസ്സിൽ, 'ജീവിക്കുന്നവരുടെ' ഇടയിലേക്ക് യാത്രയായി. ദീർഘകാലം ലോകസമാധാന ദൂതിന്റെവെള്ളരിപ്രാവായിരുന്നു അദ്ദേഹം. കത്തോലിക്കാ സഭയിലെ യാഥാസ്ഥിതികരെ അസ്വാസ്ഥ്യപ്പെടുത്തിയ തിരുത്തൽവാദിയായിരുന്നു പാപ്പാ. കളങ്കിതരെ പുറത്താക്കാൻ, സഭയിലെ അവരുടെ ഔന്നത്യം അദ്ദേഹത്തെ അധൈര്യപ്പെടുത്തിയില്ല. പാപ്പാമാരുടെ പാരമ്പര്യസങ്കല്പം അദ്ദേഹം തിരുത്തി. കത്തോലിക്കനായതു കൊണ്ടു മാത്രം ഒരാൾക്ക് സ്വർഗരാജ്യം അവകാശമാകുന്നില്ലെന്ന് അദ്ദേഹം തുറന്നുപറഞ്ഞു. കത്തോലിക്കാസഭയുടെ പരമാധ്യക്ഷനായിരുന്നപ്പോൾ പാവപ്പെട്ടവർക്കുവേണ്ടി അദ്ദേഹം ശബ്ദമുയർത്തി. പോപ്പായി തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ, സുഹൃത്തായിരുന്ന ബ്രസീലിൽ നിന്നുള്ള കർദിനാൾ ക്ലോജോ ഔമാസ് ഫ്രാൻസിസ് പാപ്പായുടെ ചെവിയിൽ മന്ത്രിച്ച വാക്കുകൾ ഒരാവൃത്തി കൂടി ഈ അവസരത്തിൽ നമുക്ക് ഹൃദയത്തിൽ ഏറ്റുവാങ്ങാം. 'പാവങ്ങളെ ഒരിക്കലും മറക്കരുത്'. അതായിരിക്കട്ടെ, പോപ്പ് ഫ്രാൻസിസിനുള്ള വരാപ്പുഴ വിൻസെൻഷ്യൻ സമൂഹത്തിന്റെ യാത്രാമൊഴി.

വരാപ്പുഴ സെൻട്രൽ കൗൺസിലിന്റെ 71-ാമത് വാർഷിക പൊതുസമ്മേളനം 2025 ജൂൺ 29 ഞായറാഴ്ച എറണാകുളം സെന്റ് ആൽബർട്സ് കോളജിലെ പാപ്പാളിഹാളിൽ സമ്മേളിക്കുകയാണ്. കോൺഫറൻസ് വാർഷികയോഗങ്ങൾ എല്ലായിടത്തും ഏപ്രിൽ മാസത്തിൽ ഇതിനകം നടന്നുകഴിഞ്ഞുവല്ലോ. അതുപോലെ മെയ് 11-ലെ ഏരിയ കൗൺസിൽ യോഗങ്ങൾ പ്രത്യേക വാർഷിക സമ്മേളനങ്ങളായും നമ്മൾ ചേരുകയാണ്. ഇവയെല്ലാം സമർഥമായി സംഘടിപ്പിക്കുന്ന കോൺഫറൻസ്, എ.സി. പ്രസിഡണ്ടുമാർക്കും ഭാരവാഹികൾക്കും എല്ലാ പ്രവർത്തകർക്കും അഭിനന്ദനങ്ങൾ.

സി.സി. വാർഷികസമ്മേളനത്തിനായി നമുക്ക് പ്രാർഥനാപൂർവം ഒരുങ്ങാം. എല്ലാ പ്രവർത്തകരെയും പാപ്പാളിഹാളിലേക്ക് സ്നേഹപൂർവം ക്ഷണിക്കാൻ ഏറെ സന്തോഷമുണ്ട്.

സ്നേഹപൂർവം,
**സി.സി. പ്രസിഡന്റ്**



**ഫാ. എബിജിൻ അറയ്ക്കൽ**
ചാൻസിലർ, വരാപ്പുഴ



# ഫ്രാൻസിസ്പാപ്പാ ദീപ്തമായ ഓർമയായി

പന്ത്രണ്ട് വർഷക്കാലം കരുണയുടെ മുഖമായി, ലാളിത്യത്തിന്റെ ആൾരൂപമായി തിരുസഭയെ നയിച്ച ഫ്രാൻസിസ്പാപ്പാ. ലോകംമുഴുവൻനിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു. രാഷ്ട്രനേതാക്കളും മതനേതാക്കളും അദ്ഭുതത്തോടു കൂടെ നോക്കിനിന്ന ഒരു വ്യക്തിത്വം. ലോകം മുഴുവൻ കാതോർത്തിരുന്നത് ഫ്രാൻസിസ് പാപ്പായുടെവാക്കുകൾക്കു വേണ്ടിയായിരുന്നു എന്ന് നമുക്കറിയാം. ലോകഗതിയെത്തന്നെ നിയന്ത്രിച്ച പല സംഭവവികാസങ്ങളിലും ശക്തമായ നിലപാടുകൾ മൂലം തന്റെ സാന്നിധ്യമറിയിക്കുകയും വ്യക്തമായ ഉൾക്കാഴ്ചയോടുകൂടെ മാർഗ നിർദേശങ്ങൾ നല്കുകയും ലോകരാഷ്ട്രങ്ങൾക്കു തന്നെ കൃത്യമായ സന്ദേശങ്ങൾ നല്കുകയും ചെയ്ത പാപ്പാ. മണ്ണിനെയും മനുഷ്യനെയും ഹൃദ്യമായി സ്നേഹിക്കുകയും മനുഷ്യരുടെ നന്മയ്ക്കുവേണ്ടിയും പ്രകൃതിയുടെ സംരക്ഷണത്തിനുവേണ്ടിയുംനിലപാടുകൾഎടുക്കുകയും ചെയ്ത പാപ്പായായിരുന്നു അദ്ദേഹം. ഫ്രാൻസിസ് പാപ്പായുടെ വ്യക്തിത്വം ലോകം മുഴുവൻ നിറഞ്ഞുനിന്നത്, സമ്പൂർണമായ സമർപ്പിത ജീവിതത്തിന്റെ പശ്ചാത്തലത്തിലാണെന്ന് നമുക്കറിയാം. താൻ ക്രിസ്തുവിന്റെ വികാരിയാണെന്നു ഉറച്ച ബോധ്യത്തോടുകൂടെക്രിസ്തുവിന്റെ സുവിശേഷസന്ദേശം ജീവിതം കൊണ്ട് പ്രഘോഷിക്കാൻ തന്നത്തന്നെ സമർപ്പിച്ചു ഫ്രാൻസിസ് പാപ്പാ. ലോകസമാധാനത്തിനു വേണ്ടിയും രാഷ്ട്രങ്ങൾ തമ്മിലുള്ള നയതന്ത്ര ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കുന്നതിനുവേണ്ടിയും പാവങ്ങളുടെയും പാർശ്വവത്കരിക്കപ്പെട്ടവരുടെയും പ്രവാസികളുടെയും കുടിയേറ്റക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയും എപ്പോഴും ബദ്ധശ്രദ്ധനായിരുന്നു. ഫ്രാൻസിസ് പാപ്പാ അതിനുവേണ്ടി ലോകത്തോട് തുടരത്തുടരെ ആഹ്വാനം ചെയ്യുകയും ശക്തമായ നിലപാടുകളോടെ പ്രബോധനങ്ങൾ നല്കുകയും ചെയ്തു ഫ്രാൻസിസ് പാപ്പാ. നിത്യവും അനേകം മണിക്കൂറുകൾ പ്രാർഥന

യിൽ ചെലവഴിച്ച് ആ പ്രാർഥനാസമയങ്ങളിൽ ലഭിക്കുന്ന ഊർജം സംഭരിച്ച് വളരെ ഉന്മേഷവദനനായി പ്രത്യേകമായ ചൈതന്യവും പ്രകാശവും മറ്റുള്ളവർക്കായി എന്നും പ്രതിഫലിപ്പിച്ചുകൊണ്ട് തന്റെ പ്രിയപ്പെട്ട ജനത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത ഒരു പാപ്പാ. രണ്ടു വർഷങ്ങൾക്കു മുമ്പ് റോം സന്ദർശിക്കാൻ അവസരം ലഭിച്ചപ്പോൾ ഫ്രാൻസിസ് പാപ്പായെ നേരിൽ കാണാനും ആ കരങ്ങളിൽ സ്പർശിക്കാനുമുള്ള ഭാഗ്യമുണ്ടായി. ആ സമയത്ത് എന്നെ അദ്ഭുപ്പെടുത്തിയത് മണിക്കൂറുകൾ സ്വന്തം ആരോഗ്യ അവസ്ഥകളെല്ലാം മറന്ന്, ക്ലേശങ്ങളും അരിഷ്ടതകളും ഒന്നും ഗൗനിക്കാതെ തന്നെ കേൾക്കാനും തന്നോടൊപ്പമായിരിക്കാനും വന്നുചേർന്നിരിക്കുന്ന ജനാവലിക്കുവേണ്ടി സമയം ചെലവഴിക്കുകയും വളരെ ഉത്സാഹത്തോടും ഒരു പ്രത്യേക ഊർജത്തോടും കൂടെ സംസാരിക്കുകയും ആശീർവദിക്കുകയും അഭിവാദനം ചെയ്യുകയും ചെയ്തുകൊണ്ട് സമയംചെലവഴിക്കുന്നപാപ്പായാണ്. ദൈവികമായ ഒരുചൈതന്യം,പരിശുദ്ധാത്മാവ് നല്കുന്ന പ്രത്യേക ഊർജം സ്വന്തമാക്കിയ ഒരാൾക്കു മാത്രമേ ഇത്രയധികം സമയം ഇതുപോലെ ഒരുപ്രത്യേകചൈതന്യത്തോടുംഊർജത്തോടുംകൂടെചെലവഴിക്കാൻസാധിക്കുകയുള്ളൂ. തീർച്ചയായും ദൈവത്തിന്റെ പ്രത്യേകമായ സംരക്ഷണം അനുഭവിച്ചിരുന്നുഫ്രാൻസിസ്പാപ്പാ അതുകൊണ്ടുതന്നെയാണ് ആശുപത്രിവാസം കഴിയുമ്പോൾ വളരെ സങ്കീർണമായ രോഗാവസ്ഥയിൽ ആയതിനാൽവിശ്രമം ജീവിതം ഡോക്ടർമാർനിർദേശിച്ചപ്പോൾപ്പോലുംഉയിർപ്പുതിരുനാൾ ആഘോഷങ്ങളിൽ പങ്കെടുക്കുന്നതിനും ജനങ്ങളെ കാണുന്നതിനും ആശീർവദിക്കുന്നതിനും അവരോട്സംസാരിക്കുന്നതിനുംആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് അതീവ തീക്ഷ്ണതയോടെ, ദൈവീക ചൈതന്യത്തോടെ പാപ്പാ ഫ്രാൻസിസ് ജനങ്ങൾക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടത് അതുകൊണ്ടാണ് വലിയ ദൈവാനുഭവത്തിന്റെ ഒരു മനുഷ്യനായിരുന്നു ഫ്രാൻസിസ് പാപ്പാ. അദ്ദേഹം സ്വന്തം ജീവിതാനുഭവങ്ങളിൽ പറഞ്ഞിട്ടുണ്ട്, നിന്റെ ജീവിതം നിയന്ത്രിക്കുന്നത് തമ്പുരാനാണെന്ന് നീ തിരിച്ചറിയണം'. ഇതിന് ഉദാഹരണമായ ഒരു അനുഭവം ഫ്രാൻസിസ് പാപ്പാ വിവരിക്കുന്നുണ്ട്. അദ്ദേഹം മെത്രാനോ കർദിനാളോ ഒക്കെ ആവുന്നതിനു മുമ്പ് ബ്യൂനസ് ഐറിസിലെ ഈശോസഭാ സന്ന്യാസ ഭവനത്തിൽ അംഗമായി വൈദിക ശുശ്രൂഷ ചെയ്യുന്ന സമയത്ത് കുറച്ചധികം ദൂരത്തുള്ള ഒരു കോൺവെന്റിൽ വാർഷികധ്യാനം നടത്തുന്നതിനായി അദ്ദേഹം പുറപ്പെടുകയാണ്. ഈ സന്ന്യാസാശ്രമത്തിന്റെതൊട്ടടുത്തുള്ള റെയിൽവേ സ്റ്റേഷനിൽ കൃത്യസമയത്ത് എത്തിച്ചേരുന്നട്രെയിനിൽകയറി വേണം അദ്ദേഹത്തിന് ദൂരെയുള്ള ആ കോൺവെന്റിൽ എത്താൻ. ആ നിശ്ചിതസമയത്തുള്ള ട്രെയിനിൽ പോയാലേ നിശ്ചയിക്കപ്പെട്ട സമയത്ത് ധ്യാനംആരംഭിക്കാൻകഴിയൂ. ഈ ലക്ഷ്യത്തോടുകൂടെ ആശ്രമത്തിൽ

നിന്ന് ബാഗും എടുത്ത് പുറത്തിറങ്ങി റെയിൽവേ സ്റ്റേഷനിലേക്ക് ഫാ. ബെർഗോളിയോ നടക്കാൻ തുടങ്ങിയപ്പോൾ പെട്ടെന്ന് ഒരു ചെറുപ്പക്കാരൻ വന്നിട്ട് പറഞ്ഞു, എനിക്ക് ഒന്നു കുമ്പസാരിക്കണം. അപ്പോൾ അന്ന് വൈദികനായിരുന്ന പാപ്പാ ആ ചെറുപ്പക്കാരനോടു പറഞ്ഞു. എനിക്ക്, ട്രെയിൻ വരാൻ സമയമായി. അതുകൊണ്ട് ആശ്രമത്തിൽ ബെല്ലടിച്ച് ഏതെങ്കിലും ഒരു വൈദികനെ കുമ്പസാരത്തിനായി ക്ഷണിക്കൂ എന്ന്. അല്പം നടന്നു. പക്ഷേ, അപ്പോൾ അദ്ദേഹത്തിന് മനസ്സിന് ഒരു വിഷമം. കുമ്പസാരം ആഗ്രഹിച്ചുവന്ന ഒരു ചെറുപ്പക്കാരനെ പിന്തിരിപ്പിച്ച് അവന്റെ കുമ്പസാരം കേൾക്കാതെ താൻ പോകുന്നത് ശരിയല്ല. അദ്ദേഹം തിരയെ വന്ന് ആ ചെറുപ്പക്കാരനെ പള്ളിയിലേക്ക് ക്ഷണിച്ചു. ആശ്രമത്തിൽ വച്ച് അയാളുടെ കുമ്പസാരം കേട്ടു. സുദീർഘമായ ഒരു കുമ്പസാരം. കുറെയധികം സമയം ഈ കുമ്പസാരത്തിനുവേണ്ടി അദ്ദേഹത്തിന് മാറ്റിവയ്ക്കേണ്ടി വന്നു. സമയം ഇങ്ങനെ ഒത്തിരി കടന്നു പോയി. അദ്ദേഹത്തിന് നിശ്ചയമായിരുന്നു, കൃത്യസമയത്ത് എത്തുന്ന ആ തീവണ്ടി വന്നിട്ടുണ്ടാകും, അത് കടന്നുപോയിട്ടുണ്ടാകും. ഇനി അടുത്ത വണ്ടി അല്പം വൈകിയാണ്. ആ വണ്ടി എത്തിച്ചേർന്നതിനുശേഷം അതിൽ കയറി കോൺവെന്റിൽ എത്തുമ്പോൾ തീർച്ചയായും സമയം ഒരുപാട് വൈകിയിട്ടുണ്ടാവും. തന്റെ ധ്യാനം തീർച്ചയായും വളരെ വൈകിയേ തുടങ്ങാൻ സാധിക്കൂ. ഈ ചിന്തകളോടെ ആ യുവാവിനെ കുമ്പസാരിപ്പിച്ച് അവനെ ആശീർവദിച്ച് സംതൃപ്തനാക്കിയതിനുശേഷം അദ്ദേഹം വേഗം ഇറങ്ങി റെയിൽവേ സ്റ്റേഷനിലേക്കു നടന്നു. സ്റ്റേഷനിൽ എത്തി ഒരു നിമിഷം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ അദ്ഭുതപ്പെടുത്തിക്കൊണ്ട് ഒരു ട്രെയിൻ വന്നു നിന്നു! നേരത്തേ നിശ്ചയിക്കപ്പെട്ട സമയത്ത് കൃത്യമായി എത്തിച്ചേരേണ്ടയിരുന്ന ആ ട്രെയിൻ അന്ന് ലേറ്റായിരുന്നു. അങ്ങനെ തനിക്കു പോകേണ്ടയിരുന്ന ആ ട്രെയിനിൽ ത്തന്നെ അല്പം വൈകിയാണെങ്കിലും അദ്ദേഹത്തിന് വാർഷികധ്യാനത്തിനെത്താൻ സാധിച്ചു. അന്ന് പാപ്പാ, താൻ മനസ്സിലാക്കിയ കാര്യം ഇപ്രകാരമാണു പറയുക. നിന്റെ ജീവിതം നിയന്ത്രിക്കുന്നത് തമ്പുരാനാണെന്ന് നിന്നെ ഓർമപ്പെടുത്തിയ അടയാളമായിരുന്നു വൈകിവന്ന തീവണ്ടി! ഫ്രാൻസിസ് പാപ്പാ അങ്ങനെയാണ്. പൂർണമായും ദൈവത്തിൽ ആശ്രയിച്ച ഒരു ജീവിതം. നമ്മുടെ ജീവിതം നിയന്ത്രിക്കുന്നത് ദൈവമാണെന്ന ഓർമപ്പെടുത്തലോടുകൂടെ തന്റെ ജീവിതം നയിച്ച ഒരു പാപ്പാ. അതുകൊണ്ടുതന്നെ എല്ലാം ഉപേക്ഷിക്കാനും പൂർണമായും ദൈവത്തോടും ദൈവജനത്തോടും അലിഞ്ഞുചേരാനും ഫ്രാൻസിസ് പാപ്പായ്ക്ക് സാധിച്ചു. ഫ്രാൻസിസ് പാപ്പാ തന്റെ അംഗരക്ഷകരായ സ്വിസ് ഗാർഡുകളോട് ഒരു പ്രത്യേക ആഘോഷ സമയത്ത് ഇപ്രകാരമാണു പറഞ്ഞത്: നിങ്ങളുടെ സ്ഥാനവസ്ത്രം വളരെ മനോഹരമാണ്. വളരെ കളർഫുൾ ആണ്, ഒരുപക്ഷേ, നിങ്ങളുടെ

വസ്ത്രങ്ങൾ ഒരുപാട് വ്യക്തികളെ ആകർഷിക്കുന്നുണ്ടാകാം. പലരും നിങ്ങളെ കൗതുകത്തോടെ നോക്കുന്നുണ്ടാകാം. പക്ഷേ, ഞാൻ പറയും മറ്റുള്ളവരെ ആകർഷിക്കേണ്ടത് നിങ്ങളുടെ ഈ വിവിധ വർണങ്ങളിലുള്ള മനോഹരമായ വസ്ത്രമല്ല, ഈ വസ്ത്രം ധരിച്ചിരിക്കുന്ന വ്യക്തികളെയാണ് നമ്മുടെ വ്യക്തിത്വമാണ് മറ്റുള്ളവരെ ആകർഷിക്കേണ്ടത്; നാം ധരിച്ചിരിക്കുന്ന വസ്ത്രങ്ങളല്ല. വലിയ സന്ദേശമാണ് അതിലൂടെ പാപ്പാ നമുക്കു പങ്കുവച്ചു നല്കുന്നത്. നമ്മൾ മറ്റുള്ളവരെ ആകർഷിക്കാൻവേണ്ടി ഒരു പക്ഷേ, പലതും ചെയ്യുമായിരിക്കാം. എന്നാൽ, പക്ഷേ നമ്മുടെ ജീവിതമാണ് അനേകരെ നമ്മിലേക്ക്, നമ്മിലൂടെ ക്രിസ്തുവിലേക്ക് ആകർഷിക്കേണ്ടത് എന്ന് പാപ്പാ ഓർമപ്പെടുത്തുകയാണ്. ഫ്രാൻസിസ് പാപ്പാ അങ്ങനെയായിരുന്നു. തന്റെ ജീവിതം കൊണ്ട് അനേകരെ പാപ്പാ തന്നിലേക്ക് ആകർഷിച്ചു. തന്നിലൂടെ ക്രിസ്തുവിലേക്ക് ആകർഷിച്ചു. സഭയെ പാപ്പാ നയിച്ചത് തന്റെ ജീവിതസാക്ഷ്യംകൊണ്ടാണ്. നമുക്കറിയാം ലോകത്തിന്റെ എല്ലാ ഭാഗത്തും ഫ്രാൻസിസ് പാപ്പായുടെ മുഖമുണ്ട്; വാക്കുകളുണ്ട്. ഫ്രാൻസിസ് പാപ്പായുടെ സാന്നിധ്യമുണ്ട്. പാപ്പാ ഫ്രാൻസിസ് സന്ദർശനത്തിനായി തിരഞ്ഞെടുത്ത രാജ്യങ്ങളും പലപ്പോഴും, പാവപ്പെട്ട രാജ്യങ്ങളാണ്. പാവപ്പെട്ട മനുഷ്യരുള്ളതാണ്. ക്രൈസ്തവ സാന്നിധ്യം വളരെ കുറവുള്ള സ്ഥലങ്ങളാണ് പലതും. ക്രിസ്തുവിന്റെ സുവിശേഷസാന്നിധ്യം, ദരിദ്രരോടുള്ള ക്രിസ്തുവിന്റെ പ്രത്യേകമായ സ്നേഹം, അനുകമ്പ ഇതെല്ലാം തന്റെ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ടാണ് പാപ്പാ ഫ്രാൻസിസ് ഇതുപോലുള്ള രാജ്യങ്ങളിലൂടെ ഇടയസന്ദർശനങ്ങൾ നടത്തിയത്. സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റിനിർത്തപ്പെട്ടവരെ ചേർത്തുനിർത്താനും കരുണയോടുകൂടെ അവരെ നോക്കാനും ആശ്ലേഷിക്കാനും സമൂഹം തള്ളിക്കളഞ്ഞവരെയും മാറ്റിനിർത്തിയവരെയുമൊക്കെ ചേർത്തുനിർത്തി അവരാണ് ക്രിസ്തുവിന്റെ പ്രിയപ്പെട്ടവരെന്ന് പ്രഘോഷിക്കാനും തന്റെ ജീവിതം കൊണ്ട് എന്നും ശ്രമിച്ച പാപ്പായാണ് ഫ്രാൻസിസ് പാപ്പാ. വലിയ ഒരു സന്ദേശം തന്റെ ജീവിതംകൊണ്ട് നമുക്കു നല്കി കടന്നുപോകുന്ന പാപ്പാ ഫ്രാൻസിസിന് പ്രണാമം.

## പ്രാർഥനാശംസകൾ



കത്തോലിക്കാ സഭയുടെ പരമാചാര്യ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട **പാപ്പാ ലിയോ പതിനാലാമന്** വിൻഫൊർമേഷൻ പ്രവർത്തകരുടെ പ്രാർഥനാശംസകൾ.



**ബിഷപ് അലക്സ് വടക്കുംതല**
കണ്ണൂർ രൂപതാ മെത്രാൻ

# പ്രത്യാശയുടെ തീർഥാടകർ നാം!

***(നാലുലക്കങ്ങളിലായി അവസാനിക്കുന്ന ജൂബിലി ലേഖനപരമ്പരയുടെ രണ്ടാം ഭാഗം)***

### പ്രതിസന്ധികളിൽ തളരാത്ത പ്രത്യാശ

ഏഷ്യൻ ഭൂഖണ്ഡത്തിന്റെ ഒട്ടുമിക്ക പ്രദേശങ്ങളും വ്യത്യസ്തങ്ങളായ പ്രതിസന്ധികളാൽ പ്രശ്നജടിലമാണ്. ദാരിദ്ര്യം, അക്രമം, പ്രകൃതിദുരന്തങ്ങൾ, രാഷ്ട്രീയ അസന്തുലിതാവസ്ഥ, അഴിമതി, സാമൂഹിക വിഭാഗീയത, മതത്തിന്റെയും വർണവർഗ ചേരിതിരിവുകളുടെയും പേരിലുള്ള കലാപങ്ങൾ, വിവിധങ്ങളായ അസ്വസ്ഥതകൾ. അങ്ങനെയുള്ള വെല്ലുവിളികൾ നിറഞ്ഞ ഒരു സാഹചര്യത്തിലാണ് സഭാതനയർ പ്രത്യാശയുടെ തീർഥാടകരായി കടന്നു ചെല്ലേണ്ടത്; സുവിശേഷത്തിന്റെ സന്തോഷത്തിന് സാക്ഷ്യം വഹിക്കേണ്ടത്.

'സോദരർ സർവരും' എന്ന സാമൂഹിക ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് പാപ്പാ എഴുതി: 'തുറന്നിട്ടിരിക്കുന്ന വാതിലുകളുള്ള ഭവനമാണ് സഭ. കാരണം, അവൾ അമ്മയാണ്. അനുരഞ്ജനത്തിന്റെ വിത്തു വിതയ്ക്കാനും മതിലുകൾ തകർത്ത് പാലം പണിയാനും കൂട്ടായ്മയുടെ അടയാളമായി, പ്രത്യാശ നിലനിർത്താനും നമ്മുടെ ആരാധനാലയങ്ങളിൽ നിന്നും സങ്കീർത്തികളിൽ നിന്നും പരിശുദ്ധ അമ്മയെ അനുകരിച്ച്, ശുശ്രൂഷയ്ക്ക് ഇറങ്ങേണ്ട സഭയാകണം നാം' (ഫ്രത്തെല്ലി തൂത്തി. 276)

### ഉച്ചനീചത്വങ്ങൾ വേണ്ടാ

ഈ വർഷത്തെ മിഷൻ ഞായർ സന്ദേശത്തിലും പാപ്പാ വ്യക്തമാക്കിയത്, ഉച്ചനീചത്വങ്ങൾ നിറഞ്ഞ ലോകത്തിൽ സഭാമക്കൾ പ്രത്യാശയുടെ മിഷണറിമാർ ('Missionaries of Hope among the people') ആയിത്തീരണമെന്നാണ്.

പ്രതിസന്ധികളുടെ നടുവിലും പ്രത്യാശയുടെ പ്രവാചകന്മാരായി ധീരതയോടെ നിലകൊണ്ടവരുടെ ജീവിതം നമുക്ക് പ്രചോദനമാണ്. 'ആഹ്ലാദിച്ചുല്ലസിക്കുവിൻ' (Rejoice and be Glad) എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പാ വിശുദ്ധ ജോസഫൈൻ ബക്കീത്തയുടെയും കർദിനാൾ ഫ്രാൻസിസ് സേവ്യർ വാൻ തുവാന്റെയും ഹൃദയഹാരിയായ ജീവിതാനുഭവങ്ങൾ വിവരിക്കുന്നുണ്ട്. ബെനെഡിക്ട് പതിനാറാമൻ പാപ്പാ' രക്ഷിക്കപ്പെടുന്ന പ്രത്യാശ' (Spe Salvi - Saved by Hope) എന്ന ചാക്രിക ലേഖനത്തിലും ആഫ്രിക്കയിലെ ഈ അടിമപ്പെൺകുട്ടിയുടെയും വീരോചിതമായ നിലപാടുകളെടുത്ത രണ്ട് ഏഷ്യക്കാരുടെയും കഥ വിവരിച്ചിരുന്നു.

### ജോസഫൈൻ ബക്കീത്ത

ബക്കീത്ത ജനിച്ചത് സുഡാനിലെ ഡാർഫ്യൂർ എന്ന ഗ്രാമത്തിൽ 1869-ലാണ്. പട്ടിണിയിലും പ്രതിസന്ധിയിലും വളർന്നുവന്ന നിഷ്കളങ്കയായ ആ പെൺകുഞ്ഞിനെ 9-ാം വയസ്സിൽ ആരോ തട്ടിക്കൊണ്ടുപോയി. പിന്നീട് അടിമച്ചന്തയിൽ വിറ്റു. പലരും അവളെ വിലയ്ക്കു വാങ്ങിക്കുകയും പലവട്ടം വീണ്ടും വില്ക്കുകയും ചെയ്തു. അടിമ ജോലി ചെയ്യിക്കുമ്പോൾ അവളോട് യജമാനന്മാരും അവരുടെ കുടുംബവും എല്ലാവിധത്തിലും അതിക്രൂരമായി പെരുമാറിയിരുന്നു. ചാട്ടവാറടി

കൊണ്ടുണ്ടായ 144 മുറിപ്പാടുകൾ അവളുടെ ശരീരത്തിൽ ഉണ്ടായിരുന്നു. അവസാനം അവളെ വാങ്ങിയത് ഒരു ഇറ്റാലിയൻ വ്യവസായി. അയാൾ സ്വദേശത്തേക്ക് മടങ്ങിപ്പോകാനായപ്പോൾ വീണ്ടും അവളെ വില്ക്കാനൊരുങ്ങി. അവൾ കേണപേക്ഷിച്ചു: ‘ഇനിയും എന്നെ വില്ക്കരുത്. ഞാൻ നിങ്ങളോടൊപ്പം ആ നാട്ടിലേക്കു വരാം. എന്തു ജോലിയുംചെയ്തുകൊള്ളാം!’ അങ്ങനെ അവൾ ഇറ്റലിയിലെത്തി. അവിടെ വച്ച് അവൾ ഒരു പുതിയ യജമാനനെ കണ്ടെത്തി. ജനനം മുതൽ തന്നെ അതിയായി സ്നേഹിക്കുകയും സഹനങ്ങളുടെ നടുവിലും സംരക്ഷിക്കുകയും ചെയ്ത ഒരു യജമാനനെ. ആ അറിവ് അവൾക്ക്, പുത്തനൊരു പ്രത്യാശ പകർന്നു. ജീവിതത്തിന് ഉദാത്തമായൊരു അർഥം കൊണ്ടുവന്നു.

1890 ജനുവരി 9-നായിരുന്നു അവളുടെ ജ്ഞാനസ്നാനം. ആ ദിനത്തിൽത്തന്നെ പ്രഥമ ദിവ്യകാരുണ്യ സ്വീകരണവും സ്ഥൈര്യലേപനവും നടന്നു. തുടർന്ന്, കനോഷ്യൻ സഭയിൽ ചേർന്ന് 1896 ഡിസംബർ 8-ന് വ്രതവാഗ്ദാനം നടത്തി. പിന്നീടുള്ള അവളുടെ ജീവിതം ക്രിസ്തു നല്കിയ പ്രത്യാശയുടെ സന്ദേശം പകരാനും എല്ലാ അടിമത്തത്തിലും നിന്ന് വിമോചിപ്പിക്കുന്ന ക്രിസ്തുവിനെ പ്രഘോഷിക്കാനുമായിരുന്നു. ബെനെഡിക്ട് പതിനാറാമൻ പാപ്പാ വിശുദ്ധ ജോസഫൈൻ ബക്കീത്തയുടെ ജീവിതം വിവരിച്ചുകൊണ്ട്, സഹനങ്ങൾക്കപ്പുറം, ക്രിസ്തു ചൊരിയുന്ന സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പാതയിലൂടെ ചരിച്ചാൽ പ്രത്യാശ ജീവിതത്തിൽ നിറയ്ക്കാൻസാധിക്കുമെന്ന് വ്യക്തമാക്കുന്നു. അവനിൽ അവൾ സ്നാനപ്പെട്ടു.

(തുടരും)



## വരാപ്പുഴ സി.സി.യുടെ നേതൃത്വത്തിൽ നോമ്പുകാല ദാനധർമ്മ പരിപാടി

ഈ വർഷം വേറിട്ടൊരു കാരുണ്യ പ്രവർത്തനം നമുക്കു ചെയ്യാൻ സാധിച്ചിട്ടുണ്ട്. വരാപ്പുഴ അതിരൂപതയിലെ തീരദേശത്തെ പാവപ്പെട്ട കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനു വേണ്ടി വരാപ്പുഴ അതിരൂപതാംഗമായ ഒരു അഭ്യുദയകാംക്ഷി ഒരു പ്രത്യേക സഹായം നല്കുകയുണ്ടായി. വൈപ്പിനിലെ മൂന്നൂം കോതാട്, കൂനമ്മാവ്, പാനായിക്കുളം എന്നീ എ.സി.കളിലെ തിരഞ്ഞെടുക്കപ്പെട്ട 1000 കുടുംബങ്ങൾക്ക് അരിപ്പൊടിയുടെ ഒരു കിലോ പാക്കറ്റ്, രണ്ടെണ്ണം വീതം ആയിരം കുടുംബങ്ങളിൽ കോൺഫറൻസ് പ്രവർത്തകർ വഴി എത്തിക്കുകയായിരുന്നു. പൊൻകതിർ അരിപ്പൊടിയുടെ ഒരു കിലോ പാക്കറ്റ് 2000 എണ്ണമാണ് വിതരണം ചെയ്യുന്നതിന് വിവിധ കേന്ദ്രങ്ങളിൽ എത്തിച്ചു തന്നത്. 1,38,000 രൂപ ചെലവ് വന്ന ഈ പരിപാടി ഏപ്രിൽ 8-നാണ് സംഘടിപ്പിച്ചത്. തന്റെ പേരോ മറ്റ് വിവരങ്ങളോ ഒരിടത്തും വെളിപ്പെടുത്തരുതെന്ന ഒരു ഉപാധി മാത്രമാണ് അദ്ദേഹം ഈ ഉപവി പ്രവർത്തനത്തിന് നമ്മോട് ആവശ്യപ്പെട്ടത്. കരുണയുടെ മുഖം എന്ന് വിശേഷിപ്പിക്കപ്പെടുന്ന സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയെ ഈ ഒരു നിശ്ശബ്ദ നിയോഗത്തിന് തിരഞ്ഞെടുത്തതിൽ വരാപ്പുഴ സെൻട്രൽ കൗൺസിൽ അദ്ദേഹത്തിന് നന്ദി പ്രകാശിപ്പിക്കുന്നു. ഉത്ഥിതനായ യേശുവിന്റെ അനുഗ്രഹവർഷം അദ്ദേഹത്തിനും കുടുംബത്തിനും മേൽ എപ്പോഴും ഉണ്ടാവട്ടെയെന്നു ഹൃദയപൂർവം പ്രാർഥിക്കുകയും ചെയ്യുന്നു.

## എ.സി.കളുടെ നോമ്പുകാല തീർഥാടനം

### തൈക്കൂടം എ. സി.

08.03.2025 ശനിയാഴ്ച രാവിലെ 7.30-ന് പനങ്ങാട് സെബാൻപുരത്തു നിന്ന് വരാപ്പുഴ സി.സി.യുടെ സീനിയർ ഉപദേഷ്ടാവ് ഷെവലിയർ ഡോ. പ്രീമൂസ് പെരിഞ്ചേരിയുടെ പ്രാർഥനയോടെ യാത്ര ആരംഭിച്ചു. കടുത്തുരുത്തി സെന്റ് മേരീസ് ഫൊറോനാ പള്ളി, ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം, വാഗമൺ കുരിശുമല, കുറവിലങ്ങാട് പള്ളി എന്നിവിടങ്ങളിൽ സന്ദർശനം നടത്തി പ്രാർഥിച്ചു. വിശുദ്ധ അൽഫോൻസാമ്മയെക്കുറിച്ചും കുറവിലങ്ങാട് പള്ളിയെക്കുറിച്ചും അതിന്റെ ചരിത്ര പ്രാധാന്യത്തെക്കുറിച്ചും പ്രീമൂസ് സാർ വിശദമായി പറഞ്ഞുതന്നു. യാത്രയിൽ പ്രീമൂസ് സാറും ഡോ. സൈമൺ കൂമ്പയിലും നല്ല സന്ദേശം നല്കുന്ന കഥകൾ പറഞ്ഞു കൊണ്ട് എല്ലാവരെയും പ്രചോദിപ്പിച്ചു. തീർഥയാത്ര എല്ലാ അർഥത്തിലും നല്ല അനുഭവമായിരുന്നു. വൈകീട്ട് ഒൻപത് മണിയോടെ തിരിച്ചെത്തി.

## കോൺഫറൻസ് വാർഷികം

സെന്റ് ആന്റണീസ് പനങ്ങാട് കോൺഫറൻസിന്റെ 57-ാം വാർഷിക സമ്മേളനം തൈക്കൂടം എ.സി. യുടെ പ്രതിമാസയോഗത്തോടുകൂടെ ബഹു. വില്യം നെല്ലിക്കൽ അച്ചന്റെ അധ്യക്ഷതയിൽ 13.04.2025 ഞായറാഴ്ച വൈകീട്ട് 3.30-ന് നടത്തുകയുണ്ടാ

യി. കോൺഫറൻസ് പ്രസിഡണ്ട് ബ്ര. ജോയി മാളംകുഴി പ്രാരംഭ പ്രാർഥന യ്ക്ക് നേതൃത്വം നല്കി. വരാപ്പുഴ സി.സി. സീനിയർ ഉപദേഷ്ടാവ് ഡോ. പ്രീമൂസ് പെരിഞ്ചേരി സ്വാഗതം പറഞ്ഞു. തൈക്കൂടം എ.സി.യുടെ പ്രതിമാസ റിപ്പോർട്ട് സെക്രട്ടറി ബിൽഫി സെബാസ്റ്റ്യനും കണക്കുകൾ ട്രഷറർ ഷിന്റോ മൈക്കളും അവതരിപ്പിച്ചു. കോൺഫറൻസിന്റെ വാർഷിക റിപ്പോർട്ട് കോൺഫറൻസ് സെക്രട്ടറി ലീലാമ്മ തോബിയാസും ട്രഷറർ കണക്കുകൾ ജാൻസി ആന്റണിയും അവതരിപ്പിച്ചു.

നെല്ലിക്കൽ അച്ചൻ അധ്യക്ഷപ്രസംഗത്തിൽ അന്തർദേശീയതലത്തിൽ വിൻസെന്റ് ഡി പോൾ പ്രവർത്തനത്തെക്കുറിച്ച് പ്രതിപാദിച്ചു. മരിയാലയത്തിലെ സി. സിനി വർഗീസ് (സുപ്പീരിയർ ഡെലിഗേറ്റ്), വരാപ്പുഴ സി. സി. ബോർഡ് അംഗം ബ്ര ബാബു കൊമരോത്ത് എന്നിവർ ആശംസാ സന്ദേശങ്ങൾ നേർന്നു സംസാരിച്ചു തൈക്കൂടം എസി. പ്രസിഡണ്ട് ബ്ര ജോസഫ് കെ.വി.യുടെ നന്ദിയോടെ യോഗനടപടികൾ സമാപിച്ചു

നെട്ടൂർ ഹോളിക്രോസ് കോൺഫറൻസിന്റെ ഈ വർഷത്തെ നോമ്പുകാല തീർഥാടനം 15.03.2025 ശനിയാഴ്ച നടത്തുകയുണ്ടായി മുണ്ടംവേലി, കണ്ണമാലി, ചെല്ലാനം, അഴീക്കൽ, തങ്കി, പൂങ്കാവ്, അർത്തുങ്കൽ, ആലപ്പുഴ കത്തീഡ്രൽ, പള്ളിപ്പുറം, അരൂർ എന്നിങ്ങനെ 10 ദൈവാലയങ്ങൾ സന്ദർശനം നടത്തി തിരിച്ചെത്തി.

**എറണാകുളം ഈസ്റ്റ് എ.സി.**

16.03.2025 ഞായറാഴ്ച 52 അംഗങ്ങൾ തീർഥാടനത്തിൽപങ്കെടുത്തു. കണ്ണമാലി പള്ളി, അർത്തുങ്കൽ പള്ളി, തങ്കിപ്പള്ളി, കൃപാസനം, ആലപ്പുഴ ഐ.എം.എസ്.ധ്യാനകേന്ദ്രം (പ്രശാന്തച്ചൻ നയിച്ച ക്ലാസും ആശീർവാദവും). തുടർന്ന് ആലപ്പുഴ മരിയ ഭവൻ സന്ദർശിച്ച് 40,000 രൂപയും അരി പല വ്യഞ്ജനങ്ങൾ, തുണി എന്നിങ്ങനെ സ്വരൂപിച്ച സാധനങ്ങളും അവർക്ക് നല്കുകയുണ്ടായി.

**വാർഷിക യോഗം**



പാലാരിവട്ടം സെന്റ് ജോൺ ബാപ്റ്റിസ്റ്റ് പള്ളി വനിതാ കോൺഫറൻസ് ഇമ്മാലേറ്റ് കൺസെപ്ഷൻ, വാർഷിക യോഗം സംഘടിപ്പിച്ചപ്പോൾ.

**കോതാട് എ. സി**

കോതാട് എ.സി.യുടെ ആഭിമുഖ്യത്തിൽ പതിറ്റാണ്ടുകളായി നോമ്പുകാല തീർഥയാത്ര നടത്തിവരുന്നു. സെന്റ് അഗസ്റ്റിൻസ് ചർച്ച് മൂലമ്പിള്ളി, എസ്. എച്ച്. ചർച്ച് കോതാട്, സെന്റ് ആന്റണീസ് ചർച്ച് ചേന്നൂർ, വേളാങ്കണ്ണിമാതാ ചരിയംതുരുത്ത്, സെന്റ് ഫ്രാൻസിസ് സേവ്യർ ചർച്ച് പിഴല എന്നീ അഞ്ച് ഇടവകകളിൽ നിന്ന് നിരവധി അംഗങ്ങൾ വർഷം പ്രതിയുള്ള ഈ തീർഥയാത്രക്കായി കാത്തിരിക്കാറുണ്ട്. ഓരോരോ യാത്രകളും നമുക്കു തരുന്നത് വ്യത്യസ്താനുഭവങ്ങളാണ്. ജീവിതാവസാനം വരെ മനസ്സിൽ സൂക്ഷിക്കാനുള്ള എന്തെങ്കിലും ഒന്ന് സൊസൈറ്റിയുമായുള്ള

യാത്രകൾ സമ്മാനിക്കാറുണ്ട്.

ഈ വർഷത്തെ തീർഥയാത്രയിൽ എട്ട് കോൺഫ്രൻസുകളിൽനിന്നായി ഒരു ടൂറിസ്റ്റ് ബസിൽ 46 അംഗങ്ങൾ കോതാട് തിരുഹൃദയ ദേവാലയമുറ്റത്തുനിന്ന് മാർച്ച് പതിനാറാം തീയതി ഞായറാഴ്ച രാവിലേ 8.30ന് തുടക്കം കുറിച്ചു. വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനമിന്റെ നൊവേന ഗാനവും ജപമാലയും ഞങ്ങൾ ചൊല്ലി. പാലായിലെ കീഴ്ത്താടിയൂരുള്ള മരിയൻ സദനം ആയിരുന്നു ഞങ്ങളുടെ ലക്ഷ്യം.

11.50–ന് ചാവറ തീർഥാടന കേന്ദ്രത്തിലെ ദേവാലയ സന്ദർശനം യാത്രയെ അവിസ്മരണീയമാക്കി. അവിടത്തെ ആർട്ട് ഗാലറിയും മ്യൂസിയവും കണ്ടു. വിശുദ്ധ ചാവറ പിതാവ് 1846–ൽ സ്ഥാപിച്ച കേരള കത്തോലിക്കാ സഭയിലെ പ്രഥമ സ്കൂൾ സംസ്കൃത കളരിയും മരത്തിൽ നിർമിച്ച അച്ചുകൂടവും വില്ലുവണ്ടിയും കൗതുകക്കാഴ്ചകളായി.

ഉച്ചയ്ക്ക് 1.15ന് 'വീടില്ലാത്തവരുടെ വീട്' എന്ന് പേരിട്ടിരിക്കുന്ന മരിയ സദനത്തിൽ എത്തി. മാനസിക വെല്ലുവിളി നേരിടുന്ന അശരണരായ കുറച്ച് അംഗങ്ങളാണ് അവിടെയുള്ളത്. അവർക്ക് പാലായിലെ മറ്റൊരു കോൺഫറൻസിൽ നിന്ന് എത്തിച്ച പൊതിച്ചോറ് ഞങ്ങൾ വിളമ്പി, അവരോടൊത്ത് സ്നേഹവും സന്തോഷവും പകർന്ന് മൂന്ന് മണിക്കൂറോളം ഞങ്ങൾ അവിടെ കഴിഞ്ഞത് ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായിരുന്നു. ഞങ്ങൾക്കുള്ള ഉച്ചഭക്ഷണം അവർ തന്നു. ഭക്ഷണശേഷം മാർച്ച് മാസത്തിലെ എ.സി. യോഗവും അവിടെ വച്ചു നടത്തി.

ഇതിനിടെ ഭരണങ്ങാനത്തേക്ക് വിഭാവനം ചെയ്തിരുന്ന യാത്ര സമയക്കുറവുമൂലം വേണ്ടെന്നുവച്ചു. തുടർന്ന് കുറവിലങ്ങാട് പള്ളിയും അവിടത്തെ പുരാതന മ്യൂസിയവും ഞങ്ങൾ സന്ദർശിച്ചു. യാത്രയിലുടനീളം അംഗങ്ങൾ ഗാനങ്ങൾ ആലപിച്ചും കുസൃതിച്ചോദ്യങ്ങൾക്ക് ഉത്തരം തേടിയും തീർഥയാത്ര അവിസ്മരണീയമാക്കി. ഓരോ കോൺഫറൻസും യാത്ര അവലോകനം ചെയ്ത് നന്ദി പറഞ്ഞു. 7.30ന് വാഹനത്തിൽ കുരിശിന്റെ വഴി പ്രാർഥന നടത്തി. ദൈവം നമുക്ക് നല്കിയിരിക്കുന്ന അനുഗ്രഹങ്ങൾ തിരിച്ചറിയാൻ ഈ തീർഥയാത്ര സഹായിച്ചു. വൈകീട്ട് ഏട്ടരയോടെ ഞങ്ങൾ തിരിച്ചെത്തി.

**തോട്ടക്കാട്ടുകര എ.സി.**

**ജറുസലേമിൽ കുരിശിന്റെ വഴി**

തോട്ടക്കാട്ടുകര എ.സി.യുടെ നേതൃത്വത്തിൽ മാർച്ച് 20 ഞായറാഴ്ച ഈ വർഷത്തെ നോമ്പുകാല തീർഥാടനം നടത്തി. തൃശ്ശൂർ അത്താണിയിലുള്ള പോപ്പ് ജോൺ പോൾ പീസ് ഹോമിലേക്കായിരുന്നു യാത്ര. രാവിലേ 8.30ന് എട്ടേക്കർ സെന്റ് ജൂഡ് ദേവാലയത്തിൽ നിന്ന് നാലു കോൺഫറൻസുകളിൽ നിന്നുള്ള അംഗങ്ങളുമായി തോട്ടക്കാട്ടുകര സെന്റ് ആൻസ് പള്ളിയിൽ എത്തി. അവിടെ നിന്ന് പത്തു മണിക്ക് യാത്ര തുടർന്നു. എ.സി.യിലെ 9 കോൺഫറൻസുകളിലും നിന്ന് 621 പേരടങ്ങുന്ന പ്രവർത്തകരാണ് തീർഥാടനത്തിൽ സംബന്ധിച്ചത്. 12 മണിയോടെ പീസ് ഹോമിലെത്തി. അവിടത്തെ മൂന്നു വാർഡുകളിലായി 65–ഓളം വരുന്ന അന്തേവാസികളോട് തീർഥാടനത്തിൽ പങ്കെ

ടുത്തവർ കുശലാന്വേഷണങ്ങൾ നടത്തി. പരസ്പരം വിശേഷങ്ങൾ പങ്കുവച്ചു. സന്ദർശകർക്ക് ഏറെ ഹൃദയവ്യഥ ഉണ്ടാക്കിയ കൂടിക്കാഴ്ചയായിരുന്നു അത്. അംഗങ്ങൾ സമാഹരിച്ചുകൊണ്ടുപോയിരുന്ന സോപ്പുപൊടി, ലോഷൻ, ഡെറ്റോൾ, മറ്റു ക്ലീനിങ് സാധനങ്ങൾ നല്കി. ചുമതലയുള്ള സിസ്റ്ററിന്റെ പക്കൽ 20,000/- രൂപ നല്കി. കൂടാതെ, 50 കിലോ അരിയും നല്കി. ഭക്ഷണത്തിനുശേഷം തൃശ്ശൂർ ലൂർദ് മെത്രാപ്പോലീത്തൻ പള്ളിയും കണ്ട് തുടർന്ന് ജറുസലേം ധ്യാനകേന്ദ്രത്തിലെത്തി. ജറുസലേമിലെ പൂന്തോട്ടത്തിൽ ഒരുക്കിയിരിക്കുന്ന കുരിശിന്റെ വഴിയുടെ 14 സ്ഥലങ്ങളിലൂടെ ചുറ്റി നടന്ന് ഭക്തിനിർഭരമായ സ്ലീവാപ്പാത നടത്തി. ജറുസലേമിലെ മരിയൻ ടവർ സന്ദർശിച്ചു. അവിടെ ഇരുന്നൂറിലേറെ വിശുദ്ധരുടെ തിരുശേഷിപ്പുകളും പരിശുദ്ധ ദൈവമാതാവിന്റെ ജപമാല രഹസ്യചിത്രങ്ങളും കണ്ട് പ്രാർഥിച്ച് 5.45-ന് മടങ്ങി. വരും വഴി കൊരട്ടി അമലോദ്ഭവമാതാ പള്ളിയും സന്ദർശിച്ച് ഏഴരയോടെ തോട്ടക്കാട്ടുകരയിൽ തിരിച്ചെത്തി. ഈ തീർഥയാത്രയും, ബസ്സിനകത്തെ കുരിശിന്റെ വഴിയും, ജറുസലേമിലെ കുരിശിന്റെ വഴിയും തീർഥാടകരെ ഏറെ ധന്യരാക്കി. എ.സി. പ്രസിഡന്റ്, ട്രഷറർ, വൈസ്പ്രസിഡന്റ്, സി.സി. സീനിയർ വൈസ് പ്രസിഡന്റ് എന്നിവർ നേതൃത്വം നല്കി.

**എറണാകുളം സൗത്ത് എ.സി.**

വ്യാകുലമാതാ കോൺഫറൻസ് 2025 മാർച്ച് 6 രാവിലേ 7.45 ന് അംബികാപുരത്തു നിന്ന് തീർഥാടനത്തിന് പുറപ്പെട്ടു. വല്ലാർപാടം പള്ളി, പ്രത്യാശ മാതാവിന്റെ പള്ളി വൈപ്പിൻ, കുരിശിങ്കൽ പള്ളി ഓച്ചന്തുരുത്ത്, നിത്യസഹായ മാതാ പള്ളി വളപ്പ്, സെന്റ് ജോർജ് പള്ളി എളങ്കുന്നപ്പുഴ, ഹോളി ഫാമിലി പള്ളി പെരുമ്പിള്ളി, മാനാട്ടുപറമ്പ് തിരുഹൃദയ ദേവാലയം, സെന്റ് ജോർജ് പള്ളി വാടേൽ, സെന്റ് അംബ്രോസ് പള്ളി എടവനക്കാട്, അമലോദ്ഭവമാതാ ചെറു വൈപ്പിൻ, മഞ്ഞുമാതാ പള്ളി പള്ളിപ്പുറം, സെന്റ് ആന്റണീസ് പള്ളി ചെട്ടിക്കാട് പൊന്തിഫിക്കൽ തീർഥാടനകേന്ദ്രം, ലാറ്റിൻ ചർച്ച് അഴീക്കോട് എന്നീ പള്ളികൾ കുരിശിന്റെ വഴി ചൊല്ലി സന്ദർശിച്ചു. അംബികാപുരം വിമലാംബിക കോൺവെന്റിലെ മദർ ടീന സിടിസിയും തീർഥയാത്രയിൽ പങ്കെടുത്തു.

**വരാപ്പുഴ എ.സി.**

ഏപ്രിൽ 6-ാം തീയതി ഞായറാഴ്ച തുണ്ടത്തുംകടവ് ഉണ്ണിമിശിഹാ പള്ളിയിൽ നിന്ന് രാവിലേ 8.30-ന് ആരംഭിച്ചു ചേരാനല്ലൂർ നിത്യസഹായ മാതാ പള്ളി, ഇടയക്കുന്നം സെന്റ് സെബാസ്റ്റ്യൻ പള്ളി, ചാത്യാത്ത് കർമല മാതാ പള്ളി, വല്ലാർപാടം ബസിലിക്ക, കത്തീഡ്രൽ പള്ളി, കണ്ണമാലി പള്ളി, മറുവക്കാട് വേളാങ്കണ്ണി മാതാ പള്ളി, തങ്കിപ്പള്ളി, അർത്തുങ്കൽ പള്ളി എന്നിവിടങ്ങൾ സന്ദർശനം നടത്തി വൈകീട്ട് 5.45ന് തിരിയെയെത്തി. 54 പേർ പങ്കെടുത്തു.

**മഞ്ഞുമ്മൽ എ.സി.**

2025 മാർച്ച് 23 ഞായറാഴ്ച നടത്തി. രാവിലെ 8 മണിക്ക് കുറ്റിക്കാട്ടുകര സെന്റ് തോമസ് കോൺഫറൻസിൽ നിന്നുമാരംഭിച്ച തീർഥാടനം ഏലൂർ ക്രിസ്തുരാജ, സെന്റ് ജോസഫ്സ്

കോൺഫറൻസുകളിൽ നിന്നും മഞ്ഞുമ്മൽ അമലോത്ഭവമാതാ, മേരി ഹെല്പ് ഓഫ് ക്രിസ്റ്റ്യൻ കോൺഫറൻസ് എന്നിവിടങ്ങളിൽ നിന്നായി 26 അംഗങ്ങൾ ഉണ്ടായിരുന്നു. പ്രാരംഭ പ്രാർഥനകളും കുരിശിന്റെ വഴിയും നടത്തി പ്രാതൽ ഭക്ഷണത്തെത്തുടർന്ന് 11 മണിയോടെ ആലപ്പുഴ കൃപാസനത്തിൽ എത്തിച്ചേർന്നു. ഒരു മണിക്കുറോളം അവിടെ ചെലവഴിച്ചു. തുടർന്ന് 12.15 ന് പൂങ്കാവ് ഓവർ ലേഡി ഓഫ് അസംപ്ഷൻ പള്ളി സന്ദർശിച്ചു. തുടർന്ന് പാതിരാപള്ളിയിലെ കാരുണ്യദീപം കാണാൻ പ്രേഷിത ഭവനത്തിൽ എത്തിച്ചേർന്നു. അവിടെ പ്രായമായവരും സുഖമില്ലാത്തവരുമായ 70 ഓളം അന്തേവാസികൾ ഉണ്ടായിരുന്നു. അവരുടെ അവസ്ഥകൾ മനസിലാക്കി വിവിധ സഹായങ്ങൾ നല്കി. ഉച്ചഭക്ഷണത്തിനുശേഷം 2.45 –ന് അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ബസിലിക്ക സന്ദർശിച്ചു. അവിടെ നിന്ന് തീരദേശ റോഡ് വഴി തങ്കി സെന്റ് മേരീസ് ദേവാലയം സന്ദർശിച്ചു. തുടർന്ന് ജപമാല ചൊല്ലി യാത്ര തുടർന്നു. വൈകുന്നേരം 6.30 ന് കണ്ണമാലി സെന്റ് ജോസഫ്സ് & സെന്റ് ആന്റണീസ് ദേവാലയത്തിൽ എത്തിച്ചേർന്നു. പ്രാർത്ഥനയ്ക്കും വിശ്രമത്തിനും ശേഷം സന്ദർശനങ്ങൾ പൂർത്തിയാക്കി തിരിച്ചുപോരുകയും രാത്രി 9 മണിയോടുകൂടെ അംഗങ്ങൾ അവരവരുടെ ഭവനത്തിൽ എത്തി.

**മംഗലപ്പുഴ എ.സി.**

12.04.2025 ശനിയാഴ്ച 3 മണിക്ക് മുപ്പത്തടം സെന്റ് ജോൺസ് ദേവാലയത്തിൽ രോഗികളും, പ്രായാധിക്യത്താൽ പള്ളിയിൽ വരാൻ സാധിക്കാത്തവരുമായ അപ്പച്ചൻമാർക്കും, അമ്മച്ചിമാർക്കും വേണ്ടി പ്രത്യേകം ദിവ്യബലി നടത്തി. ബഹുമാനപ്പെട്ട ഇടവക വികാരി ഫാ.പീറ്റർ അമ്പലത്തിങ്കലച്ചന്റെ നേതൃത്വത്തിൽ 3 വൈദികരാണ് ദിവ്യബലിക്ക് നേതൃത്വം നല്കിയത്. കുമ്പസാരം, ദിവ്യബലി, രോഗികൾക്കു വേണ്ടിയുള്ള പ്രാർഥന എന്നീ കർമങ്ങൾക്കു ശേഷം എല്ലാവർക്കും ബഹു വികാരിയച്ചൻ ഈസ്റ്റർ സമ്മാനം നല്കി. തുടർന്ന് സ്നേഹവിരുന്നും നടന്നു. രോഗികളെയും, പ്രായമായവരെയും വീടുകളിൽ നിന്ന് പള്ളിയിലേക്കും, തിരിച്ചും എത്തിച്ചത് സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, സെന്റ് ജോൺസ് കോൺഫറൻസ് അംഗങ്ങളാണ്. സ്നേഹവിരുന്ന് ഒരുക്കിയതും, പള്ളിയിൽ എത്തിയവർക്ക് വേണ്ട സഹായങ്ങൾ നല്കിയതും ലീജിയൻ ഓഫ് മേരി അംഗങ്ങളാണ്.

2025 ഏപ്രിൽ 2–ാം തീയതി ബുധനാഴ്ച മരിയാപുരം സ്വർഗറാണി വനിതാ കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവക ദേവാലയത്തിൽ ഉച്ചക്ക് 3 മണിക്ക് ഇടവകയിലെ രോഗികൾക്കും പ്രായമായവർക്കും വേണ്ടി കുമ്പസാരം, വിശുദ്ധ കുർബാന, രോഗീലേപനം, തൈലാഭിഷേകം എന്നിവ നടത്തി. ഇടവകവികാരി റവ.ഫാ. ജെയ്സൻ, റവ.ഫാ.അഖിൽ ജോസഫ് എന്നിവരും സ്വർഗറാണി വനിതാ കോൺഫറൻസിലെ എല്ലാ അംഗങ്ങളും ഈ പരിപാടിക്ക് നേതൃത്വം നല്കി. ദിവ്യബലിക്കുശേഷം കോൺഫറൻസ് വാർഷിക യോഗം നടത്തി. കോൺഫറൻസ് സെക്രട്ടറി വാർഷിക റിപ്പോർട്ടും, ട്രഷറർ വാർഷിക വരവു

ചെലവ് കണക്കുകൾ അവതരിപ്പിച്ചു. ഇടവക വികാരി റവ.ഫാ. ജെയ്സൻ, റവ.ഫാ: അഖിൽ ജോസഫ്, കേന്ദ്രസമിതി പ്രസിഡണ്ട് ജോർജ് മരിയ പ്രകാശൻ, സാമൂഹിക സുരക്ഷ കോർഡിനേറ്റർ ബേസിൽ, അജപാലകശുശ്രൂഷ കോർഡിനേറ്റർ വിജി ഡോമിനിക്ക്, മംഗലപ്പുഴ എ.സി. പ്രസിഡണ്ട് ബ്ര. ജെറി ജോസഫ് എന്നിവർ ആശംസകൾ നേർന്നു. ഇടവകയിലെപ്രായമായവരും,രോഗികളും, കോൺഫറൻസ് അംഗങ്ങളും ഉൾപ്പെടെ 75 ൽ പരം പേർ പങ്കെടുത്തു. മംഗലപ്പുഴ എ.സി. സെക്രട്ടറിയും, സ്വർഗറാണി കോൺഫറൻസ് വൈസ് പ്രസിഡണ്ടുമായ സി. ഷേർലി ഷോബി എല്ലാവർക്കും നന്ദി അറിയിച്ചു.

തൃശൂരുള്ള പോപ്പ് ജോൺ പോൾ പീസ് ഹോമിലേക്ക് മാർച്ച് 10 ഞായറാഴ്ച നടത്തി. രാവിലേ 7.30ന് യുസി കോളേജിനടുത്തുള്ള നിത്യസഹായ മാത പള്ളിയിൽ നിന്ന് 9 കോൺഫറൻസിൽ നിന്നും 39 അംഗങ്ങളുമായി കൊരട്ടി സെന്റ് ആന്റണീസ് തീർഥാടനകേന്ദ്രത്തിൽ എത്തിച്ചേർന്നു. രാവിലേ 8.30–നുള്ള ദിവ്യബലിയിൽ പങ്കെടുത്ത ശേഷം പള്ളി ഹാളിൽ നിന്ന് പ്രഭാത ഭക്ഷണം കഴിച്ചു. കൊരട്ടി സെന്റ് ആന്റണീസ് കോൺഫറൻസിൽ നിന്നുള്ള അംഗങ്ങൾ വേണ്ട സഹായങ്ങൾ ഒരുക്കി തന്നു.10 മണിയോടെ യാത്ര തുടർന്നു. 12 മണിയോടെ തൃശ്ശൂർ അത്താണിയിലുള്ള ജോൺപോൾപീസ്ഹോമിൽഎത്തിച്ചേർന്നു.പോപ്പ്ജോൺപോൾപീസ് ഹോം ഡയറക്ടർ ഫാ.ജോൺസൺ അവിടുത്തെ കാര്യങ്ങൾ വിൻസെൻഷ്യൻ അംഗങ്ങൾക്ക് വിശദീകരിച്ചു നല്കി. തുടർന്ന് 65 ഓളം വരുന്ന അന്തേവാസികളുമായി തീർഥാടനത്തിൽ പങ്കെടുത്ത വിൻസെൻഷ്യൻ അംഗങ്ങൾ സംസാരിച്ചു. പരസ്പരം വിശേഷങ്ങൾ പങ്കുവച്ചു. എല്ലാവർക്കും കഠിനമായ മാനസികവ്യഥ സമ്മാനിച്ച അനുഭവമായിരുന്നു. 40,000 രൂപ സംഭാവനയായും 10,000 രൂപ വിലവരുന്ന ക്ലീനിംഗ് സാധനങ്ങൾ, ഡയപ്പറുകൾ, വസ്ത്രങ്ങൾ, ബിസ്ക്കറ്റുകൾ തുടങ്ങിയ സാധനങ്ങളായും നല്കുകയുണ്ടായി. മാർച്ച് മാസത്തെ എ.സി. യോഗം പീസ് ഹോം ചാപ്പലിൽ വച്ച് കൂടി. തുടർന്ന് അവിടെ നിന്ന് യാത്ര തിരിച്ച്തൃശ്ശൂർലൂർദ്മാതാപള്ളിസന്ദർശിച്ചു. അതിനുശേഷം ജറുസലേം തീർഥാടനകേന്ദ്രവും സന്ദർശിച്ചു. ജറുസലേം തീർഥാടനകേന്ദ്രത്തിൽ കുരിശിന്റെവഴിപ്രാർഥന, അംഗങ്ങൾ എല്ലാവരും ചേർന്ന് നടത്തി. കൂടാതെ ജെറുസലേം ധ്യാനകേന്ദ്രത്തിൽ സൂക്ഷിച്ചിരിക്കുന്ന വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുശേഷിപ്പ് വണങ്ങുകയും പ്രത്യേകം പ്രാർഥന നടത്തുകയും ചെയ്തു.. അവിടെ നിന്ന് 5:45 മണിയോടെ പുറപ്പെട്ട് കൊരട്ടി അമലോദ്ഭവ മാതാവിന്റെ പള്ളി സന്ദർശിച്ച ശേഷം ഏഴ് മണിയോടെ യു.സി.കോളജ് നിത്യസഹായമാതാ പള്ളിയിൽ തിരിച്ചെത്തി.

**കളമശ്ശേരി എ.സി.**

തലയോലപ്പറമ്പ് പിയെത്താ ഭവൻ, കുറവിലങ്ങാട് ദേവാലയം, ഭരണങ്ങാനം അൽഫോൻസാമ്മയുടെ കബറിടം എന്നിവിടങ്ങൾ സന്ദർശിച്ചു അനുഗ്രഹങ്ങൾ നേടി. വാഗമൺ കുരിശുമല കയറി. രാത്രി 9.30–ന് കളമശ്ശേരിയിൽ തിരിച്ചെത്തി.




## നിര്യാതരായി

കോതാട് എ.സി. പയസ്സ് ടെൻത് കോൺഫറൻസ് അംഗം ചാരുപ്പടിക്കൽ **സി.പി. ജോസഫ്** 28.01.2025-ൽ നിര്യാതനായി





കൂനമ്മാവ് എ.സി. സെന്റ് ഫിലോമിനാസ് കോൺഫറൻസ് വൈസ് പ്രസിഡന്റ് ബ്ര. വിൻസെന്റ് കുന്നത്തിന്റെ മാതാവ് **മേരി ലോറൻസ്** 29.03.2025-ന് നിര്യാതയായി.

ഉദയംപേരൂർ എ.സി യുടെ മുൻ ട്രഷറർ **ആന്റണി നെടുപറമ്പിൽ (78)** 15.04.2025-ൽ നിര്യാതനായി.






ഉദയംപേരൂർ എ.സി യുടെ മുൻ ട്രഷറർ ആന്റണി നെടുപറമ്പിലിന്റെ സഹധർമണി **മേരി ആന്റണി (76)** 16.04.2025-ൽ നിര്യാതയായി

എറണാകുളം സൗത്ത് എ.സി. തേവര സെന്റ് ജൂഡ് വനിതാ കോൺഫറൻസ് അംഗം മൂലംകുഴി **എൽസി ജോർജ്** 17.03.2025-ൽ നിര്യാതയായി.





മംഗലപ്പുഴ എ.സി. മുപ്പത്തടം സെന്റ് ജോൺസ് കോൺഫറൻസ് അംഗമായ **ബ്ര. ജെയിംസ് വെള്ളയിൽ** 25.03.2025-ൽ നിര്യാതനായി

**പരേതർക്കുവേണ്ടി പ്രാർഥിക്കണം**

# എ.സി.കളിലെ നോമ്പുകാലതീർഥാടനം




മംഗലപ്പുഴ എ.സി.



എറണാകുളം
സൗത്ത് എ.സി.



എറണാകുളം
ഈസ്റ്റ് എ.സി.



വരാപ്പുഴ എ.സി.

Volume 19
Issue 2

**VINFORMATION**

SSVP Verapoly Central Council Bulletin

April - June 2025



**BETHEL CONSTRUCTIONS**

ALL TYPES OF BUILDING CONSTRUCTION AND INTERIOR DESIGNING

S. Chittoor, Kochi - 27
Mob: 9947071363, 9946601668.
E-mail: pvbenny563@gmail.com

Printing : Book Craft, Cheranelloor. Ph. 0484-4865618, 9446390577 E-mail : vinformation2020@gmail.com
Chief Editor : Chev. Dr. Premus Perinchery